**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2520** **07-07-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ സമഗ്ര പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതികാലത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിയ കയർ രണ്ടാം പുനസംഘടന പദ്ധതിപ്രകാരം പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക<br><br>8000 മുതൽ 100000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 128 ഡിഎഫ് മില്ലുകൾ സ്ഥാപിച്ചതിന്റെ ഫലമായി പ്രതിവർഷ ചകിരി ഉൽപ്പാദനശേഷി 29000 ടൺ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. തൊണ്ട് ലഭ്യത കൂടുതൽ ഉള്ള മലബാർ മേഖലയിൽ 50 ഓളം ഡി.എഫ് മില്ലുകൾ സ്ഥാപിക്കുകയും തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ ജില്ലകളിൽ ലഭ്യത ഉറപ്പാക്കുന്നതിനായി വൈക്കം ആസ്ഥാനമായി ഒരു കയർ കൺസോർഷ്യവും രൂപീകരിച്ചിട്ടുണ്ട്.<br><br>2. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക.<br><br>150 കയർ സഹകരണ സംഘങ്ങളിലായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, 26000 ഇ-റാട്ടുകൾ എന്നിവ സ്ഥാപിച്ചു. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം 500/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം പരമ്പരാഗത റാട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രതിദിന |

| | | | |
|---|---|---|---|
| | | | വേതനം-350/- രൂപയുടെ ഒരു ഭാഗം (പരമാവധി 110/- രൂപ) സർക്കാർ വിഹിതമായി നൽകുന്നു.<br><br>3. ഉൽപ്പന്ന രംഗത്ത് വൈവിധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനവും ഏർപ്പെടുത്തുക.<br><br>കയർ ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിൽ കയർ ജിയോ ടെക്സ്റ്റയിൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡുകൾ, അക്വസ്റ്റിക് പാനലുകൾ എന്നിവ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി അന്തർദേശീയ പ്രദർശന മേളയായ കയർ കേരള, ബയർ സെല്ലർ മീറ്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് നടത്തപ്പെടുന്ന എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.<br><br>4. കയർ ജിയോ-ടെക്സ്റ്റൈയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക.<br><br>ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്. ആയി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണം, റോഡ് നിർമ്മാണം, നീർത്തട സംരക്ഷണം എന്നിവയ്ക്കായി കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | കയർ മേഖലയുടെ സമഗ്രമായ പുനരുദ്ധാരണം ലക്ഷ്യമാക്കി നടപ്പാക്കുന്ന കയർ രണ്ടാം പുനഃസംഘടന പ്രകാരം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | കയർ രണ്ടാം പുനസംഘടന പദ്ധതി പ്രകാരം ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. യന്ത്രവൽക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 150 സംഘങ്ങളിൽ 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു. വിവിധ കയർ വ്യവസായ സഹകരണ സംഘങ്ങളിലായി 26000 ഇ-റാട്ടുകൾ വിതരണം ചെയ്തു.<br><br>2. 8000 മുതൽ 100000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 128 ഡി.എഫ് മില്ലുകൾ സ്ഥാപിച്ചു.<br><br>3. ഉൽപ്പന്ന നിർമ്മാണ മേഖലയിലെ സമ്പൂർണ്ണ നവീകരണം ലക്ഷ്യമാക്കി ആലപ്പുഴ ജില്ലയിലെ 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>4. ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്. |

| | | | |
|---|---|---|---|
| | | | ആയി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണം, റോഡ് നിർമ്മാണം, നീർത്തട സംരക്ഷണം എന്നിവയ്ക്കായി കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>5. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി അന്തർദേശീയ പ്രദർശന മേളയായ കയർ കേരള, ബയർ സെല്ലർ മീറ്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് നടത്തപ്പെടുന്ന എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. |
| (സി) | ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഡി-ഫൈബറിങ് മില്ലുകൾ സ്ഥാപിച്ചതിന് ശേഷമുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലത്ത് ആരംഭിച്ച കയർ രണ്ടാം പുനസംഘടനാ പദ്ധതിയിൽ ഉൾപ്പെടുത്തി 8000 മുതൽ 100000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 128 ഡി.എഫ് മില്ലുകൾ സ്ഥാപിച്ചിരുന്നു. 2015-16 ൽ 5000 ടണ്ണായിരുന്ന പ്രതിവർഷ ചകിരി ഉല്പാദന ശേഷി ഡി.എഫ് മില്ലുകൾ സ്ഥാപിക്കപ്പെട്ടതോടെ 29000 ടണ്ണായി ഉയർന്നിട്ടുണ്ട്. |
| (ഡി) | ഫലപ്രദമെങ്കിൽ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കുടുംബശ്രീ യൂണിറ്റുകൾ കയർ സഹകരണ സംഘങ്ങൾ, നാളീകേര ഉൽപ്പാദക കമ്പനികൾ തുടങ്ങിയവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരഭകർക്ക് 50% (പരമാവധി 25 ലക്ഷം രൂപ വരെ) സബ്സിഡിയോടെയും ഡി.എഫ് മില്ലുകൾ അനുവദിച്ച് വരുന്നു. കൂടുതൽ സ്വകാര്യ സംരഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് ഇതുവഴി കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ